# നവാഗതരായ മതാദ്ധ്യാപകരുടെ പരിശീലനം

## BASIC TRAINING COURSE (BTC, July 31 to Auguest 2 )

നവാഗതരായ മതാദ്ധ്യാപകർക്ക്, വിശ്വാസപരിശീലനസംബന്ധമായ അടിസ്ഥാനബോദ്ധ്യങ്ങളും അറിവുകളും ഉണ്ടായിരിക്കേണ്ടത് സൺഡേസ്കൂളുകളുടെ കാര്യക്ഷമതയ്ക്ക് അനിവാര്യമാണ്. 2008 - 2009 , 2009 -2010 വർഷങ്ങളിൽ സൺഡേസ്കൂളുകളിൽ പഠിപ്പിക്കുവാൻ ആരംഭിച്ചിരിക്കുന്ന അദ്ധ്യാപകർക്കായി ദ്വിദിന പരിശീലനക്യാമ്പ് ജൂലൈ 31 - ആഗസ്റ്റ് 1 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തുന്നു.ഈ ഗ്രൂപ്പിൽ വരുന്ന എല്ലാ അദ്ധ്യാപകർക്കും(സന്യസ്തർ ഉൾപ്പെടെ) ഈക്യാമ്പ് നിർബന്ധമാണ് . **ക്യാമ്പ് - ജൂലൈ 31 , വെള്ളിയാഴ്ച വൈകുന്നേരം 6.Pm മുതൽ ആഗസ്റ്റ് 2 , ഞായറാഴ്ച 3.30 Pm വരെയായിരിക്കും**

**ക്യാമ്പ് ഫീസ് : 150 രൂപ.** (Total fee 250 /-രൂപ. അധികചിലവായി വരുന്നതുക ക്രിസ്തുജ്യോതി വഹിക്കുന്നതായിരിക്കും)

ഓരോ ഇടവകയിൽ നിന്നുമുള്ള നവാഗതരായ ( രണ്ടു വർഷത്തിൽ താഴെ service )മതാദ്ധ്യാപകരെ ഈ ക്യാമ്പിലേയ്ക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാരും ഹെഡ്മാസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**chief resource persons : shri. Shaji Malippara (Ernakulam)**
**Shri Jose Philip Medayil Mth (Changanacherry)**

ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് BTC -സർട്ടിഫിക്കറ്റ് നല്കുന്നതാണ്.പങ്കെടുക്കുന്നവർ ബെഡ്ഷീറ്റ്, ബൈബിൾ, Catechism Textbook, Notebook എന്നിവ കരുതണം.

## പുസ്തകപരിചയ സെമിനാർ - 12-ാം ക്ലാസ്, ആഗസ്റ്റ് 8-2009

12-ാം ക്ലാസിലെ പരിഷ്കരിച്ച വിശ്വാസപരിശീലന പുസ്തകം-ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും- അദ്ധ്യാപകർക്ക് പരിചയപ്പെടുത്തുവാനുള്ള ഏകദിന പരിശീലനം 2009 ആഗസ്റ്റ് 8-ാംതീയതി ശനിയാഴ്ച അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തുന്നു.

- സമയം : 9 . 30 a.m മുതൽ 3.30 p.m വരെ.
- 9. am ന് വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.12-ാം ക്ലാസിൽ പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും ഈ ക്ലാസിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് . **.Reg : fee - 30 /- രൂപാ.**

മുൻവർഷങ്ങളിൽ പുസ്തകപരിചയസെമിനാറിൽ പങ്കെടുക്കുന്നതിൽ ഏതാനും ചില സൺഡേ സ്കൂളുകൾ വീഴ്ച വരുത്തിയിട്ടുണ്ട്. ഇപ്രാവശ്യം അതുണ്ടാവാതിരിക്കാൻ ബഹു. ഡയറക്ടറച്ചന്മാരും ഹെഡ്മാസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**Resource person : Dr. Stanly Kunnel**
**Joint secretary, Syromalabar Synodal Commission for Catechism.**

- ഗൗരവതരമായ കാരണങ്ങളാൽ സെമിനാറിൽ പങ്കെടുക്കുവാൻ അസൗകര്യമുള്ളവർ രൂപതാഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

## വിയാനി അനുസ്മരണ പ്രസംഗമത്സരം

സാർവ്വത്രികസഭ പൗരോഹിത്യവർഷമായി ആചരിക്കുന്ന ഈവർഷം ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ അനുസ്മരണാർത്ഥം, 2009 ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച സൺഡേ സ്കൂളുകളിൽ പ്രസംഗമത്സരം നടത്തുന്നു. ഡൊമിനിക്ക് സാവിയോ( 4,5,6 ക്ലാസുകൾ), അൽഫോൻസാ (7,8,9 ക്ലാസുകൾ) എന്നീ വിഭാഗങ്ങൾക്കു മാത്രമാണ് പ്രസംഗമത്സരം. ഇതിനൊരുക്കമായി 4 മുതൽ 12 വരെ ക്ലാസുകൾക്ക് ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച വി. ജോൺ മരിയ വിയാനിയെപ്പറ്റിയും, പൗരോഹിത്യവർഷാചരണത്തെപ്പറ്റിയും അദ്ധ്യാപകർ ക്ലാസെടുക്കേണ്ടതാണ്.

### നിബന്ധനകൾ

- ♣ അതാത് ഇടവകകളിൽ ബ. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ വേണം മത്സരങ്ങൾ നടത്തുവാൻ.
- ♣ സാധിക്കുന്നിടത്തോളം കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക.
- ♣ വേദപാഠ ക്ലാസുകളോടനുബന്ധിച്ച് അതാതു വിഭാഗത്തിന്റെ ഗ്രൂപ്പിൽ വേണം മത്സരം നടത്തുവാൻ. (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരങ്ങൾ ഇല്ല) .

♣ ഇടവകതലത്തിലെ വിജയികളുടെ പേരുവിവരങ്ങൾ ആഗസ്റ്റ് 22-ാം തീയതിയ്ക്കകം ഓഫീസിൽ അറിയിക്കേണ്ടതാണ്.

♣ **സമയം : 5 മിനിട്ട്**

**വിഷയം-** ഇടവകതലത്തിൽ ബ. വികാരി, ഹെഡ്മാസ്റ്റർ. സ്റ്റാഫ്സെക്രട്ടറി, ആനിമേറ്റേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ വിയാനിയുടെ ജീവിതവും പൗരോഹിത്യ ജീവിതവുമായി ബന്ധപ്പെടുത്തി നിശ്ചയിക്കേണ്ടതാണ്.

## മതാദ്ധ്യാപകർക്ക് ലേഖനമത്സരം

ക്രിസ്തുജ്യോതി വിശ്വാസപരിശീലന കേന്ദ്രം മതാദ്ധ്യാപകർക്ക് ലേഖന മത്സരം സംഘടിപ്പിക്കുന്നു. നമ്മുടെ രൂപതയിൽ വിശ്വാസപരിശീലന രംഗത്ത് പ്രവർത്തിക്കുന്ന അല്മായർക്കും സന്യസ്തർക്കും രണ്ടു വിഭാഗങ്ങളിലായി ലേഖന മത്സരം സംഘടിപ്പിച്ചിരിക്കുന്നു. വിജയികളാകുന്നവർക്ക് യഥാക്രമം 501, 251 രൂപാ വീതം ക്യാഷ് അവാർഡുകൾ നല്കുന്നതാണ്.

**വിഷയം-അജപാലന ശുശ്രൂഷയുടെ ആനുകാലിക പ്രസക്തി.**

**നിബന്ധനകൾ**

* രചനകൾ ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടുകൂടി സെപ്തംബർ 30-ന് മുൻപ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
* രചനകൾ മൗലികമായിരിക്കണം.
* രചന പത്തുപേജിൽ കവിയരുത്.
* പേരുവിവരങ്ങൾ മറ്റൊരു പേജിൽ രേഖപ്പെടുത്തി രചനയോടൊപ്പം വയ്ക്കേണ്ടതാണ്.
* കഴിയുന്നത്ര മതാദ്ധ്യാപകർ ഈ ലേഖന മത്സരത്തിൽ പങ്കെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹനം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## മതാദ്ധ്യാപകരുടെ ക്വിസ് മത്സരം

**പഠനഭാഗം**

1. കത്തോലിക്കാസഭയുടെ മതബോധന ഡയറക്ടറി
   Nos - 127 മുതൽ 162 വരെ
2. IInd വത്തിക്കാൻ കൗൺസിൽ ഡിക്രി
   പൗരോഹിത്യ ധർമ്മവും വൈദികരുടെ ജീവിതവും സംബന്ധിച്ച ഡിക്രി.
   Nos- 1 to 22
3. ഫിലിപ്പിയർക്കുള്ള ലേഖനം
4. പൊതുവിജ്ഞാനം (സഭാപരം)

**ഓരോ മാസവും അധ്യാപകർക്കുള്ള പഠനഭാഗങ്ങൾ**

**July** - ഫിലിപ്പിയർക്കുള്ള ലേഖനം.
**August** -മതബോധന ഡയറക്ടറി.
**September** -**വത്തിക്കാൻ കൗൺസിൽ ഡിക്രി**

* മതബോധന ഡയറക്ടറി, വത്തിക്കാൻ കൗൺസിൽ ഡിക്രി എന്നിവയുടെ മാതൃകാ ചോദ്യങ്ങൾ ലഭ്യമാണ്. അവ സൺഡേസ്കൂൾ ഓഫീസിൽ നിന്നോ / രൂപത വെബ്സൈറ്റിൽ നിന്നോ കളക്ട് ചെയ്യാവുന്നതാണ്.

# ലോഗോസ് ക്വിസ് പരിശീലനം ഇടവകതലത്തിൽ

2009 ജൂലൈ 12 മുതൽ ഒക്ടോബർ 11 ഞായർ വരെയുള്ള തീയതികളിൽ ഇടവകതലത്തിൽ ലോഗോസ് ക്വിസ് പരിശീലനം നടത്തേണ്ടതാണ്. ഓരോ ഞായറാഴ്ചയും അതാത് ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിൽ ക്ലാസുകളിൽ പരിശീലനം ക്രമീകരിക്കുമല്ലോ. ആകെ 11 ഞായറുകൾ (ഒന്നാം ടേം പരീക്ഷാ ദിനം ഒഴികെ) വരുന്നുണ്ട്. 28 അദ്ധ്യായങ്ങൾ പഠിക്കേണ്ടതിൽ 2, 3 അദ്ധ്യായങ്ങൾ വീതം കുട്ടികൾക്ക് പഠിക്കുവാനായി ഓരോ ആഴ്ചയിലും വിഭജിച്ചു നല്കുകയാണെങ്കിൽ പഠനം എളുപ്പമാകും.

→ ഈ പരിശീലന പ്രക്രിയയിൽ എല്ലാ അദ്ധ്യാപകരും സജീവമായി പങ്കെടുക്കുന്നുവെന്ന് ഹെഡ്മാസ്റ്റേഴ്സ് ഉറപ്പുവരുത്തണം.

→ ഈ പരിശീലനത്തിനാവശ്യമായ രീതിയിൽ ഉചിതമായ പ്രവർത്തനങ്ങൾ ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ ക്രമീകരിക്കുമല്ലോ.

→ ലോഗോസ് ക്വിസിനൊരുങ്ങുവാൻ സഹായകമായ പുസ്തകങ്ങൾ ക്രിസ്തുജ്യോതി ബുക്കുസ്റ്റാളിൽ ലഭ്യമാണ്.

## 2009 – 2010 അദ്ധ്യയനവർഷത്തിൽ രൂപതാതലത്തിൽ പ്രത്യേകം ഊന്നൽ നല്കുന്ന ചിലമേഖലകൾ.

സൺഡേസ്കൂൾ ലീഡേഴ്സ്മീറ്റ് .
ഫൊറോനാ തലത്തിൽ 12-ാം ക്ലാസ്വിദ്യാർത്ഥികളുടെ ഫൊറോനാതല സംഗമം.
അദ്ധ്യാപകരുടെ ഫൊറോനാതല കൺവൻഷൻ.
ഫൊറോനാ മതബോധന കൗൺസിൽ രൂപീകരണം.
ഫൊറോനാടീമുകളുടെ നേതൃത്വത്തിലുള്ള സൺഡേസ്കൂൾ സന്ദർശനം.(എല്ലാ സൺഡേസ്കുൾ ഹെഡ്മാസ്റ്റേഴ്സും സന്ദർശന ടീമിലുണ്ട്. അതുപോലെ രൂപതാകേന്ദ്രത്തിൽ നിന്നും പ്രത്യേകം നിയോഗിക്കുന്നവരും.)
**ലോഗോസ് ക്വിസ് പങ്കാളിത്തം** ഇടവകയിൽ സജീവമാക്കുക (പങ്കാളിത്തവും നിലവാരവും).
വി. ഡോമിനിക് സാവിയോ, സെ. അൽഫോൻസാ വിഭാഗത്തിന്റെ മാതാപിതാക്കളെ കൂടി ലോഗോസ്ക്വിസിൽ ഉൾപ്പെടുത്തുക.
ലോഗോസ്ക്വിസിൽ 4 – 12 വരെ ക്ലാസുകളിലെ എല്ലാ സൺഡേസ്കൂൾ കുട്ടികളുടേയും പങ്കാളിത്തം നിർബന്ധമാണ്.
ടീച്ചിംഗ് നോട്ട് അദ്ധ്യാപകർ നിർബന്ധമായും എഴുതേണ്ടതാണ്. ഓരോ മാസവും അവസാനം ബഹു. ഡയറക്ടറും ഹെഡ്മാസ്റ്ററും ടീച്ചിംഗ് നോട്ട് പരിശോധിച്ച് വിലയിരുത്തേണ്ടതുമാണ്.
കുടുംബകൂട്ടായ്മ സമ്മേളനങ്ങളിലുള്ള വിശ്വാസപരിശീലകരുടെ സജീവപങ്കാളിത്തം.
ഇടവകയിൽ സൺഡേസ്കൂൾ കുട്ടികളുടെ ഗായകസംഘ രൂപീകരണം.
സൺഡേസ്കൂൾ സർഗ്ഗോത്സവം - ഇടവക - റീജിയൺ - രൂപതാതലം.

## ഇടവക തലത്തിൽ സ്റ്റാഫ് മീറ്റിംഗുകളിൽചർച്ച ചെയ്ത് ക്രിയാത്മകമായ പദ്ധതികൾആവിഷ്കരിച്ച് നടപ്പിലാക്കേണ്ട ചില വിഷയങ്ങൾ:

കൗദാശിക ജീവിതത്തിലും, പെരുമാറ്റരീതികളിലും,അച്ചടക്കത്തിലും, പ്രാർത്ഥനാ ജീവിതത്തിലും കുട്ടികളെ എങ്ങനെ വളർത്താൻ കഴിയും ?
കുട്ടികളിൽ ആത്മവിശ്വാസം വളർത്താനുള്ള എന്തു പദ്ധതികളാണ് നിർദ്ദേശിക്കാനുള്ളത് ?

ദൈവവചന പഠനത്തിനും വചനാധിഷ്ഠിതജീവിതത്തിനും വിശ്വാസപരിശീലന രംഗത്ത് എന്തെല്ലാം ചെയ്യാനാകും ?
സൺഡേസ്കൂൾ കുട്ടികളുടെ സർഗാത്മകശേഷികളുടെ വളർച്ചയ്ക്കും സമഗ്രവ്യക്തിത്വവികസനത്തിനും എന്തെല്ലാം പദ്ധതികളാണ് നമ്മുടെ സൺഡേസ്കൂളിൽ ആവിഷ്കരിക്കാൻ കഴിയുക ?
വർഷാവസാന പരീക്ഷയുടെ ക്രമീകരണം എങ്ങനെ ?

രൂപതയിൽ നിന്നും ക്രമീകരിക്കുന്ന ക്ലാസുകൾ,ക്യാമ്പുകൾ തുടങ്ങിയവയ്ക്ക് നിങ്ങളുടെ
സൺഡേ സ്കൂളിൽ നിന്നുള്ള പങ്കാളിത്തം കാര്യക്ഷമമാണോ ?
രൂപതാതല പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ വിലയിരുത്തൽ ?

ലോഗോസ്ക്വിസ് സജീവമാക്കുവാനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം,മത്സരബുദ്ധിയോടെ ലോഗോസ്ക്വിസിനായി പഠിക്കുവാനും, പങ്കെടുക്കുവാനും ഉള്ള മാർഗ്ഗങ്ങൾ ഏവ?

കത്തോലിക്കാസഭയോട് കൂടുതൽ ഉറച്ച സ്നേഹവും പ്രതിബദ്ധതയും ധാർമിക ബോദ്ധ്യങ്ങളും ഉള്ളവരാകുവാൻ കുട്ടികളെ എങ്ങനെ ഒരുക്കാം ?
സൺഡേസ്കൂൾ അദ്ധ്യാപകരുടെ ആദ്ധ്യാത്മികവും ബൗദ്ധികവുമായ വളർച്ചയ്ക്കായി
നിങ്ങളുടെ ഇടവകയിൽ എന്തു ചെയ്യുന്നു ,ഇനി എന്തൊക്കെ ചെയ്യാനാകും?

ഇടവക സന്ദർശനം - ഫൊറൊനാ ടീം - എങ്ങനെ കാര്യക്ഷമമാക്കുവാൻ കഴിയും ?

10,11,12 ക്ലാസുകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം ചെയ്യാനാകും?

മാതാപിതാക്കളെ കുട്ടികളുടെ മതബോധനകാര്യത്തിൽ കൂടുതൽ തല്പരരാക്കുവാൻ എന്തു ചെയ്യാനാകും?
സൺഡേസ്കൂളിന്റെ പ്രവർത്തനം ഇടവക/ഫൊറോനാ/രൂപതാതലത്തിൽ സജീവമാക്കുവാൻ എന്തു ചെയ്യാൻ കഴിയും ?
കുട്ടികളിൽ വചനാഭിമുഖ്യം വളർത്താനും വിശ്വാസത്തിൽ ആഴപ്പെടുവാനും വേണ്ടി എന്തു ചെയ്യാനാകും ?
നിങ്ങളുടെ സൺഡേസ്കൂൾ ഏതൊക്കെ കാര്യങ്ങൾ ചെയ്യണം.
എന്റെ ക്ലാസ് മെച്ചപ്പെടുത്തുവാൻ ഞാൻ എത്രമാത്രം ഒരുങ്ങുന്നു.